പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 1711 | 07/03/2018 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## മാനസിക വെല്ലുവിളി നേരിടുന്നവർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി.പി. അയിഷാ പോറ്റി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് കൃത്യമായി മരുന്നും പരിചര ണവും കുടുംബത്തിൽ നിന്നുപോലും ലഭ്യമാ കാത്ത സാഹചര്യം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് പ്രാഥമിക ചികിത്സക്കും തുടർ പരിചരണങ്ങൾക്കുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാ ക്കാമോ ? | ബി) | ജില്ലാ മെന്റൽ ഹെൽത്ത് പരിപാടി മുഖേന എല്ലാ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ചികിത്സ ലഭ്യമാക്കുന്നുണ്ട്.ഇതിൽ ഔഷധ ചികിത്സയും മന:ശ്ശാസ്ത്ര ചികിത്സാരീതിയും, ആവശ്യമു ള്ളവർക്ക് റീഹാബിലിറ്റേഷനും നൽകി വരുന്നുണ്ട്. ഇതിന് വേണ്ടി സൈക്യാട്രിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ,ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവരടങ്ങുന്ന ടീം മാസം തോറും സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളിൽ ക്ലിനിക്ക് നടത്തി വരുന്നു. ഇതിന് പുറമെ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർ,നഴ്സുമാർ,ഫാർമസിസ്റ്റ് മറ്റ് ആരോഗ്യ പ്രവർത്തകർക്കും മാനസികാരോഗ്യപരിശീലനം നൽകിയിട്ടുണ്ട്. ഈ മാനസിക രോഗികളുടെ തുടർ ചികിത്സയും മരുന്നുകളും അവരുടെ തൊട്ടടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഇത് പൂർണ്ണമായും നടപ്പിലാക്കിക്കഴിഞ്ഞു. |

[signature]

സെക്ഷൻ ഓഫീസർ